സ്വകാര്യവ്യക്തികൾക്ക് പതിച്ചുകൊടുത്ത സർക്കാർ ഭൂമി

668. [898] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് 30-9-1986 വരെ സ്വകാര്യവ്യക്തികൾക്ക് സർക്കാർ ഭൂമി പതിച്ചു കൊടുത്തതിൻെറ ജില്ല തിരിച്ചുള്ള കണക്കും കിട്ടിയ വ്യക്തികളുടെ വിലാസവും പറയാമോ ;

(ബി) ഈ ഇനത്തിൽ വിലയായി എത്ര സംഖ്യ കിട്ടി ?

ഉത്തരം

(എ) 1-5-1982 മുതൽ 30-9-1986 വരെ 9,933 ഏക്കർ മിച്ചഭൂമി 34,080 പേർക്ക് പതിച്ചുകൊടുത്തിട്ടുണ്ട്. മറ്റു സർക്കാർ ഭൂമികളെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു. മിച്ചഭൂമി വിതരണം സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. പതിച്ചുകിട്ടിയ എല്ലാ വ്യക്തികളുടേയും വിലാസം ലഭ്യമല്ല.

	ഏക്കർ
തിരുവനന്തപുരം	95
കൊല്ലം	195
പത്തനംതിട്ട	21
ആലപ്പുഴ	363
കോട്ടയം	372
ഇടുക്കി	2,454
എറണാകുളം	75
തൃശ്ശൂർ	476
പാലക്കാട്	1,936
മലപ്പുറം	1,242
കോഴിക്കോട്	329
വയനാട്	649
കണ്ണൂർ	1,330
കാസറഗോഡ്	396
ആകെ	9,933

(ബി) വിവരം ശേഖരിച്ചു വരുന്നു.

സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതിയുടെ ധനസഹായത്തിനുവേണ്ടി അപേക്ഷിച്ചവർ.

669. [922] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിൻെറ സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതി ആരംഭിച്ചതുമുതൽ 1986 സെപ്റ്റംബർ 30 വരെ പ്രസ്തുത സഹായം ലഭിക്കുന്നതിനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിരുന്നു ;

(ബി) ഓരോ വർഷവും ലഭിച്ച അപേക്ഷകളെത്രയാണെന്നും അതിൽ എത്രപേർക്ക് സഹായം ലഭ്യമായി എന്നും വ്യക്തമാക്കുമോ ;

(സി) ജില്ലാ വ്യവസായ കേന്ദ്രങ്ങളും ബാങ്കുകളും എത്ര പേർക്ക് പണം നൽകി ?

LIBRARY ARCHIVES Kerala Legislative Assembly